I/145695/2023

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ**

**നടപടിക്രമം**

**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.**
**(ഹാജർ: ബീന .പി.എസ്)**

വിഷയം:- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്- ജീവനക്കാര്യം - ഡ്രൈവർ തസ്തികയിലെ 2023 വർഷത്തെ പൊതുസ്ഥലമാറ്റം- അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു

പരാമർശം :-
1) 25/02/2017 - ലെ സർക്കാർ ഉത്തരവ് (പി ) നമ്പർ 3 /2017/ഉ.പ.ഭ .വ
2) 27/02/2022 - ലെ സർക്കാർ ഉത്തരവ് (സാ.ധാ ) നമ്പർ 147/22/Agri
3) 05/11/2019 - ലെ സർക്കാർ ഉത്തരവ് (സാ.ധാ ) നമ്പർ 1075/19/Agri .
4) 07/08/2023 - ലെ ഈ ഓഫീസിലെ സർക്കുലർ നമ്പർ ADFW/100/2023 - SA2
5) 21/09/2023 - ലെ ഈ കാര്യാലയത്തിലെ ADFW/9747/2023 -SH2 നമ്പർ ഉത്തരവ് .
6) മുണ്ടേരി വിത്ത് കൃഷിത്തോട്ടം , ഡെപ്യൂട്ടി ഡയറക്ടറുടെ 07/ 10/ 2023 - ലെ എ - 2526 / 2023 നമ്പർ കത്ത്.

**ഉത്തരവ് നമ്പർ ADFW/9747/2023 - SH2 തീയതി . 15-11-2023**

പരാമർശം(1) , (2) സർക്കാർ ഉത്തരവുകൾ പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പിലെ 2023 വർഷത്തെ പൊതുസ്ഥലമാറ്റം SPARK സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി നടപ്പിലാക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിരുന്നു . ആയതിന്റെ അടിസ്ഥാനത്തിൽ ഈ ഓഫീസിലെ പരാമർശം (4) പ്രകാരമുള്ള സർക്കുലർ പ്രകാരം വകുപ്പിലെ വിവിധ തസ്തികകളിലെ ജീവനക്കാരുടെ 2023 വർഷത്തെ പൊതുസ്ഥലമാറ്റത്തിനുള്ള അപേക്ഷകൾ S P A R K മുഖേന ഓൺലൈനായി ക്ഷണിക്കുകയും കൃഷി ഡയറക്ടറുടെ നിയന്ത്രണത്തിലുള്ള എല്ലാ ഓഫീസ് മേധാവികൾക്കും പൊതുസ്ഥലമാറ്റ അപേക്ഷകൾ നിശ്ചിത സമയ പരിധിക്കുള്ളിൽ കൃഷി ഡയറക്ടർക്ക് ഫോർവേഡ് ചെയ്യുന്നതിനും നിർദേശം നൽകിയിരുന്നു. ഇപ്രകാരം ബന്ധപ്പെട്ട മേലധികാരികളുടെ ശിപാർശയോടുകൂടി ഓൺലൈനായി ഈ ഓഫീസിൽ ലഭിച്ച ഡ്രൈവർ തസ്തികയിലെ പൊതുസ്ഥലമാറ്റ അപേക്ഷകളും അനുകമ്പാർഹ പരിഗണനയ്ക്ക് അർഹമാണെന്ന് ജനറൽ ഹോസ്പിറ്റലിലെ ജനറൽ മെഡിസിൻ വിഭാഗത്തിലെ ഡോക്ടർ ഉൾപ്പെട്ട കമ്മിറ്റി തീരുമാനിച്ച അപേക്ഷകളും പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങൾ ക്കനുസൃതമായി SPARK മുഖേന പ്രോസസ്സ് ചെയ്ത് ലഭിച്ച 2023 വർഷത്തെ പൊതുസ്ഥലം മാറ്റത്തിന്റെ കരട് ലിസ്റ്റ് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പരാമർശം (5) പ്രകാരം പ്രസിദ്ധീകരിച്ചുകൊണ്ട് ഉത്തരവായിരുന്നു . ആയതിന്റെ അടിസ്ഥാനത്തിൽ 26/09/2023 തീയതി വരെ ലഭിച്ച ആക്ഷേപങ്ങൾ/ പരാതികൾ പൊതുസ്ഥലമാറ്റ മാനദണ്ഡങ്ങൾക്കനുസൃതമായി പരിശോധിച്ച് പരിഗണനാർഹമായവ പരിഹരിച്ച് SPARK മുഖേന പ്രോസസ്സ് ചെയ്ത് ലഭിച്ച ഡ്രൈവർ തസ്തികയിലെ 2023 വർഷത്തെ പൊതു സ്ഥലം മാറ്റത്തിന്റെ അന്തിമ ഉത്തരവ് / ലിസ്റ്റ് വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റായ www.keralaagriculture.in - ൽ പ്രസിദ്ധീകരിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു .

പ്രസ്തുത ലിസ്റ്റിലെ ക്രമ നമ്പർ 18 - ശ്രീ .അബ്ദുൽ കരീം കോടാലിക്കുന്നൻ , ഡ്രൈവർ

I/145695/2023

(HDV ) - യെ മുണ്ടേരി സീഡ് ഗാർഡൻ കോംപ്ലക്സിൽ നിന്നും മലപ്പുറം പ്രിൻസിപ്പൽ കൃഷി ഓഫീസിലെ ഡ്രൈവർ (LDV) തസ്തികയിലേയ്ക്കും ക്രമ നമ്പർ 17 - ശ്രീ .ഹിഫ്സുറഹിമാൻ.ഇ , ഡ്രൈവർ (LDV ) - യെ മലപ്പുറം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയത്തിത്തിൽ നിന്നും മുണ്ടേരി സീഡ് ഗാർഡൻ കോംപ്ലക്സിലെ ഡ്രൈവർ (HDV) തസ്തികയിലേയ്ക്കമാണ് സ്ഥലം മാറ്റിയിരിയ്ക്കുന്നത്. ക്രമ നമ്പർ 16 - ശ്രീ.ചക്രപാണി, ക്രമ നമ്പർ 17 - ശ്രീ .ഹിഫ്സുറഹിമാൻ. ഇ , ~~ശ്രീ.ചക്രപാണി~~, ക്രമ നമ്പർ 18 - ശ്രീ .അബ്ദുൾ കരീം കോടാലിക്കുന്നൻ , ഡ്രൈവർ (HDV) , എന്നിവർ ലിസ്റ്റിൽ ഉൾപ്പെട്ടത് SPARK -ലെ ചില അപാകതകൾ മൂലമാണ്. ശമ്പള പരിഷ്കരണ ഉത്തരവിൽ ഡ്രൈവർ (LDV ), ഡ്രൈവർ (HDV) എന്നീ തസ്തികകൾ ഇല്ലാത്തതിനാൽ SPARK -ൽ ടി അപാകത പരിഹരിയ്ക്കാനാല്ലെന്ന് SPARK -ന്റെ ഓഫീസിൽ നിന്നും അറിയിച്ചതായി പരാമർശം (6) പ്രകാരം മുണ്ടേരി , വിത്ത് കൃഷിത്തോട്ടം , ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് . പ്രസ്തുത സാഹചര്യത്തിൽ , പൊതു സ്ഥലം മാറ്റ ലിസ്റ്റിലെ ക്രമ നമ്പർ 16 - ശ്രീ .ചക്രപാണി .വി , ക്രമനമ്പർ17 - ശ്രീ.ഹിഫ്സുറഹിമാൻ.ഇ , ക്രമ നമ്പർ 18 - ശ്രീ .അബ്ദുൾ കരീം കോടാലിക്കുന്നൻ എന്നീ ജീവനക്കാർ നിലവിൽ സേവനത്തിലിരിയ്ക്കുന്ന ഓഫീസിൽ നിന്നും വിട്ടുതൽ ചെയ്യണ്ടതില്ല .

അന്തിമ പൊതു സ്ഥലം മാറ്റ ലിസ്റ്റിൽസ്ഥലം മാറ്റം അനുവദിച്ചിട്ടുള്ള മേൽ പരാമർശിച്ചിരിയ്ക്കുന്നവരൊഴികെ മറ്റുള്ള ജീവനക്കാർ പകരം ജീവനക്കാർ ജോലിയ്ക്ക് ഹാജരായില്ലെങ്കിലും ഈ ഉത്തരവ് അനുസരിച്ച് നിലവിലെ ഓഫീസിൽ നിന്നും അടിയന്തരമായി വിട്ടുതൽ ചെയ്യേണ്ടതും ചട്ടപ്രകാരമുള്ള സമയപരിധിയ്ക്കുള്ളിൽ പുതിയ സ്ഥലത്ത് ജോലിയ്ക്ക് ഹാജരാകേണ്ടതുമാണ്. ഇപ്രകാരം വിട്ടുതൽ ചെയ്യാതിരിയ്ക്കുന്ന ജീവനക്കാർക്കെതിരെയും / ബന്ധപ്പെട്ട ഡിഡിഒ -മാർക്കെതിരെയും നടപടികൾ സ്വീകരിയ്ക്കുന്നതാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ 23/11/2023 -ന് മുമ്പായി വിട്ടുതൽ ചെയ്യുവെന്നും ചട്ടപ്രകാരമുള്ള നിശ്ചിത സമയപരിധിയ്ക്കുള്ളിൽ ജോലിയിൽ പ്രവേശിച്ചുവെന്നും ബന്ധപ്പെട്ട നിയന്ത്രണാധികാരികൾ ഉറപ്പ്‌വരുത്തേണ്ടതാണ്.

BEENA P S
SENIOR ADMINISTRATIVE OFFICER

സ്വീകർത്താവ്

1) ബന്ധപ്പെട്ട ജീവനക്കാരന് (പ്രിൻസിപ്പൽ കൃഷി ഓഫീസർ മുഖേന).

2) എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും.

<u>പകർപ്പ്</u>

1) IT സെൽ (വെബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിനായി)

2) കരുതൽ ഫയൽ .

Signed by
Beena P S
Date: 15-11-2023 15:24:00